പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1847 12.06.2019-ലെ മറുപടിക്ക്

## കെ.ടി.ഡി.എഫ്.സി. നിർമ്മിച്ച തിരുവല്ലയിലെ ഷോപ്പിംഗ് കോംപ്ലക്സ്

ചോദ്യം

ശ്രീ.മാത്യു റ്റി.തോമസ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സി., ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ച തിരുവല്ലയിലെ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഫൈനൽ ഫയർ എൻ.ഒ.സി.യ്ക്ക് വേണ്ടി അഗ്നി ശമന സുരക്ഷാ വകുപ്പിനെ സമീപിച്ചതിൽ മൂന്ന് ഘട്ടങ്ങളിലായി വിവിധ ഫയർ സേഫ്റ്റി നിർമ്മാണ ജോലികൾ പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. 1,16,56,125/- രൂപ ചെലവ് വന്ന പ്രസ്തുത ജോലികൾ ടെൻഡർ വിളിച്ച് പൂർത്തിയാക്കുന്നതിന് സ്വാഭാവികമായ കാലതാമസം നേരിട്ടു. തുടർന്ന് അഗ്നിശമന സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദമായ പരിശോധനയ്ക്ക്ശേഷം 17.12.2018-ൽ അന്തിമ ഫയർ എൻ.ഒ.സി. ലഭിച്ചു. തിരുവല്ല മുനിസിപ്പാലിറ്റിയിൽ Occupancy certificate-നായി അന്തിമ ഫയർ എൻ.ഒ.സി. Completion drawings, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്തിമ എൻ.ഒ.സി. എന്നിവ സഹിതം അപേക്ഷിച്ചതിൽ 22.02.2019-ൽ ആയത് ലഭിച്ചു. ബസ് ടെർമിനൽ കോംപ്ലക്സിലെ കടമുറികളും മറ്റ് സ്പെയ്സുകളും ടെൻഡർ ചെയ്യുന്നതിലേക്ക് തെരഞ്ഞെടുപ്പ് |

| | | | |
|---|---|---|---|
| | | | കമ്മീഷന്റെ അനുവാദം തേടുകയും 09.04.2019-ൽ ടെൻഡർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | സ്പെയ്സുകൾ വാടകയ്ക്ക് കൊടുക്കുന്നതിനായി 31.05.2019 എന്ന അവസാന തീയതി നിശ്ചയിച്ച് 09.04.2019-ൽ ടെൻഡർ വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത ടെണ്ടറിൽ 7 പേർ പങ്കെടുത്തതിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയവർക്ക് സ്പെയ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഒഴിഞ്ഞു കിടക്കുന്ന ബാക്കി സ്പെയ്സുകളുടെ ഇ-ടെണ്ടർ 30.06.2019-ന് മുമ്പ് വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (സി) | മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ ഇട്ടുകിട്ടുന്നതിന് എന്തെങ്കിലും സാങ്കേതിക തടസമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത ബസ് ടെർമിനൽ കോംപ്ലക്സ് ഉദ്ഘാടനം ചെയ്ത ദിവസം മുതൽ Unauthorised occupation എന്ന ഗണത്തിൽപ്പെടുത്തി 3,70,93,227/- രൂപ ഒടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് തിരുവല്ല മുനിസിപ്പാലിറ്റി കെ.റ്റി.ഡി.എഫ്.സി.ക്ക് distraint warrant നൽകിയിരുന്നു. 12.04.2019-ൽ പ്രസ്തുത തുക ഒടുക്കിയതിനുശേഷം തിരുവല്ല മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**